ഉത്തരം

(എ) 1-4-2002 മുതൽക്കാണ് അടുത്ത ശമ്പള പരിഷ്ക്കരണം നടപ്പാക്കേണ്ടത്.

(ബി) 13-5-2002-ൽ ബഹു. തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന തോട്ടം വ്യവസായ ബന്ധ സമിതി യോഗത്തിൽ തോട്ടം മേഖലയിലെ പ്രതിസന്ധി പരിഗണിച്ച് 31-3-2002-ന് നൽകിവരുന്ന വേതനം പുതിയ വേതനവ്യവസ്ഥ നിലവിൽ വരുന്നതുവരെ തുടർന്നു നൽകാമെന്നു തീരുമാനിക്കുകയുണ്ടായി. തുടർന്നുള്ള മൂന്നു മാസങ്ങൾക്കുള്ളിൽ പുതിയ കരാർ ഉണ്ടാക്കാമെന്ന് ധാരണയുണ്ടായിരുന്നുവെങ്കിലും തോട്ടം മേഖലയിൽ നില നിൽക്കുന്ന രൂക്ഷമായ പ്രതിസന്ധി കാരണം ശമ്പള പരിഷ്കരണം നടപ്പാക്കുന്നതിനുള്ള നടപടികൾ തുടങ്ങാൻ കഴിഞ്ഞിട്ടില്ല.

(സി) ഉണ്ട്.

(ഡി) അടച്ചിട്ട തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനു വേണ്ടി തോട്ടം ഉടമകളും തൊഴിലാളി പ്രതിനിധികളുമായി തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും തൊഴിൽ വകുപ്പു ഉദ്യോഗസ്ഥൻമാർ മുഖേനയും നിരവധി തവണ ചർച്ചകൾ നടത്തിയിട്ടുണ്ട്. ചർച്ചകൾ തുടർന്നുവരികയുമാണ്. ഇതിന്റെ ഫലമായി ചില തോട്ടങ്ങൾ തുറന്നുപ്രവർത്തിപ്പിക്കുവാനും മറ്റു ചില തോട്ടങ്ങളിലെ പ്രതിസന്ധിക്ക് പരിഹാരം കാണുവാനും കഴിഞ്ഞിട്ടുണ്ട്. രൂക്ഷമായ പ്രതിസന്ധിയുള്ള പീരുമേട് ഭാഗത്തെ തോട്ടങ്ങളിലെ പല പ്രശ്നങ്ങൾക്കും സാദ്ധ്യമായ പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ മിക്ക തോട്ടങ്ങളും ശരിയായി പ്രവർത്തിക്കുന്നില്ല. ഉള്ള തൊഴിലാളികൾക്കുതന്നെ ജോലി കൊടുക്കുവാൻ പ്രയാസമാണെന്നു കാണുന്നു. അതിനാൽ പുതിയ തൊഴിലാളികളെ റിക്രൂട്ട് ചെയ്യുന്ന കാര്യം ആലോചിച്ചിട്ടില്ല. തോട്ടം മേഖലയിലെ പ്രതിസന്ധിക്കു പരിഹാരം കാണുന്നതിനായി ബഹു. മുഖ്യമന്ത്രി ചെയർമാനായി ഒരു പ്ലാന്റേഷൻ സ്റ്റാന്റിംഗ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

വർദ്ധിച്ചുവരുന്ന ദിവസക്കൂലി നിയമനങ്ങൾ

15 [2665] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഓഫീസുകൾ ഉൾപ്പെടെ വിവിധ സ്ഥാപനങ്ങളിൽ ദിവസക്കൂലി നിയമനം വർദ്ധിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ തൊഴിൽ വകുപ്പ് കൈകൊണ്ടിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ;

(സി) ദിവസക്കൂലി നിയമനത്തിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് അയച്ചുകൊടുക്കാറുണ്ടോ;

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ലിസ്റ്റ് അയച്ചുകൊടുക്കുന്നതിൽ കാലതാമസം വരുന്നതായുള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ലിസ്റ്റ് അയച്ചുകൊടുക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി) ഇല്ല.

(സി) ഉണ്ട്.

(ഡി) കാലതാമസം ഉണ്ടാകാതിരിക്കുവാൻ കർശന നിർദ്ദേശങ്ങൾ നിലവിലുണ്ട്.

(ഇ) തൊഴിൽദായകന് സമയബന്ധിതമായി ലിസ്റ്റ് നൽകാൻ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അനാവശ്യമായ കാലതാമസം വരുത്തുന്ന കേസുകൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നവർ

16 [2666] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽരഹിത വേതനം വാങ്ങുന്നവരിൽ പ്രൊഫഷണൽ കോഴ്സുകൾ പാസ്സായവർ എത്രയാണെന്ന് അറിയിക്കാമോ;

(ബി) വേതനം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) കണക്കുകൾ ശേഖരിച്ചുവരുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

17 [2667] ശ്രീ. വി. ജെ. പൗലോസ്:
,, കെ. എ. ചന്ദ്രൻ:
,, ജി. പ്രതാപവർമ്മ തമ്പാൻ:
,, അടൂർ പ്രകാശ്:
,, എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുണ്ട്;

(ബി) അവ എവിടെയെല്ലാമാണ്;

(സി) ഇവിടെ രജിസ്റ്റർ ചെയ്യുന്ന പ്രൊഫഷണലുകളുടെ എണ്ണം കൂടുകയാണോ, കുറയുകയാണോ ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) സംസ്ഥാനത്ത് 3 പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഉണ്ട്. അവ തിരുവനന്തപുരത്തും എറണാകുളത്തും കോഴിക്കോടുമാണ് പ്രവർത്തിക്കുന്നത്.

(സി) ഇവിടെ രജിസ്റ്റർ ചെയ്യുന്നവരുടെ എണ്ണം കൂടുകയാണ് ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly